## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 372 — 03.02.2014-ൽ മറുപടിക്ക്

### 'ചികിത്സാ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കൽ'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം.എ.വാഹീദ് | ശ്രീ.വി.എസ്.ശിവകമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ചികിത്സാ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര ആരോഗ്യ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളെ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന ഇ-ഹെൽത്ത് കേരള എന്ന പ്രോജക്റ്റിന് രൂപം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളെയും കമ്പ്യൂട്ടർ വഴി ബന്ധിപ്പിക്കുകയും, കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ആരോഗ്യപരമായ വിവരങ്ങൾ ചികിത്സിക്കുന്ന ഡോക്ടർ മാർക്ക് ലഭ്യമാക്കുന്ന സമഗ്രമായ ഈ പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനു വേണ്ടി സ്ഥലസൗകര്യം ഒരുക്കുന്നതിന് നിർമ്മിതി കേന്ദ്രത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പ്രോജക്റ്റിന്റെ ചുമതല എൻ.ആർ.എച്ച്.എം. മിഷൻ ഡയറക്ടറെ ഏൽപ്പിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) കേരളത്തിലെ മുഴുവൻ ജനങ്ങളേയും സർവ്വേ നടത്തി അവരുടെ വിശദാംശങ്ങളും രോഗവിവരങ്ങളും ആരോഗ്യവകുപ്പ് ജീവനക്കാരെയും ആശാ വർക്കർമാരേയും ഉപയോഗിച്ച് ശേഖരിക്കുകയും ഇവ മുഴുവൻ ഒരു കേന്ദ്രീകൃത സർവ്വറിൽ സൂക്ഷിക്കുകയും ഇവ യഥാസമയം ചികിത്സിക്കുന്ന |

ഡോക്ടർമാർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. ഓരോ പൗരനും ഒരു പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകുന്നതാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെ ഈ ശൃംഖലയിൽ ഉൾപ്പെടുത്തുന്നതാണ്. ആശുപത്രികൾക്ക് അകത്ത് എല്ലാ വിഭാഗങ്ങളും ലബോറട്ടറികളും വാർഡുകളും ഫാർമസികളും മെഡിക്കൽ റിക്കാർഡ് ലൈബ്രറിയും തമ്മിൽ ബന്ധിപ്പിക്കുന്ന താണ്. ആശുപത്രികളിൽ രോഗികളുടെ നീണ്ട കാത്തിരിപ്പ് കുറയ്ക്കുവാനും ചികിത്സാരീതികളും ഔഷധങ്ങളും വ്യക്തമായി രേഖപ്പെടുത്തുന്നതിനും ഇത് വളരെ സഹായകരമാണ്. മാത്രവുമല്ല സംസ്ഥാനത്തെ ജനങ്ങളുടെ പൂർണ്ണവും വ്യക്തവുമായ ആരോഗ്യസ്ഥിതിവിവര കണക്കുകൾ അപ്പോൾ അപ്പോൾ തന്നെ ലഭ്യമാകുന്നതുമാണ്. ഈ സ്ഥിതിവിവര കണക്കുകളിൽ യഥാസമയം തിരുത്തലു കൾ വരുത്തുവാനും ഇത് സഹായിക്കുന്നു.

(സി) പ്രസ്തുത കേന്ദ്ര പദ്ധതി എങ്ങനെയാണ് സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുക്കുകയാണ് ആദ്യ നടപടി. ഇതിലേയ്ക്കായി ടെൻഡർ വിളിക്കുന്നതിനാവശ്യമായ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (ആർ.എഫ്.പി) തയ്യാറാക്കുന്നതിന് ബഹുമാനപ്പെട്ട പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ.ജി.വിജയരാഘവൻ ചെയർമാനാ യിട്ടുള്ള ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടെൻഡറിംങ്ങിന് ആവശ്യമായ ആർ.എഫ്.പി. ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച് സംസ്ഥാന ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഈ ഹെൽത്ത് പ്രോജക്ടിന്റെ ഹൈലെവൽ ഗവേണിംഗ് കമ്മിറ്റി അംഗീകരിച്ച ടെൻഡർ നടപടികൾ

സ്വീകരിക്കുന്നതാണ്.

| | |
|---|---|
| (ഡി) പദ്ധതി നടത്തിപ്പിനായി ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) പദ്ധതി നടത്തിപ്പിനായി ആരോഗ്യ കേന്ദ്രങ്ങൾ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുഴുവൻ സ്ഥാപനങ്ങളേയും കെൽട്രോൺ വഴി സർവ്വേ നടത്തി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം ഈ പദ്ധതിയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**